| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനാറാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1736 | | 16/02/2016 ൽ മറുപടിക്ക് | |
| അഴിമതി നിർമ്മാർജ്ജനം | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.ജി.സുധാകരൻ<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | ഭരണസുതാര്യതയ്ക്കും അഴിമതി നിർമ്മാർജ്ജനത്തിനും വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | നിലവിലുള്ള വിവരാവകാശ നിയമ പ്രകാരം ഭരണ സുതാര്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തികൊണ്ട് വിവരാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടുന്ന എല്ലാ വിവരങ്ങളും നൽകാൻ വിജിലൻസ് വകുപ്പും അതിനു കീഴിലുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയും പ്രതിജ്ഞാബദ്ധമാണ്. അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒട്ടനവധി നടപടികൾ പ്രാവർത്തികമാക്കിയിട്ടുണ്ട്. ടോൾ ഫ്രീ നമ്പർ, ലൈറ്റ്നിംഗ് സ്ക്വാഡ്, യു.ട്യൂബ്, ട്വിറ്റർ, വാട്ട്സ് അപ്പ്, ഫേസ് ബുക്ക് എന്നീ സംവിധാനങ്ങളിൽ കൂടി, നേരിട്ടു ഹാജരായി പരാതി നൽകാതെ തന്നെ, ഏതൊരു പൗരനും അഴിമതിയുണ്ടായാൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അറിവിൽ കൊണ്ടുവരാവുന്നതാണ്. ഇതിനു പുറമേ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ജനപങ്കാളിത്തത്തോടു കൂടി അഴിമതി തടയാനുള്ള സംരംഭത്തിന്റെ ഭാഗമായി 'വിജിലന്റ് കേരള' എന്ന പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്. |
| (ബി) | ഹൈക്കോടതിയോ കീഴ് കോടതികളോ ആവശ്യപ്പെട്ടതുപ്രകാരം അഴിമതിക്കേസ്സ് കളിൽ സർക്കാരിലുള്ളവരുമായി ബന്ധപ്പെട്ട് വീണ്ടും വിജിലൻസിനു അന്വേഷണം നടത്തേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേസുകളിൽ; | (ബി) | ഹൈക്കോടതിയോ കീഴ് കോടതികളോ ആവശ്യപ്പെട്ടതുപ്രകാരം അഴിമതിക്കേസ്സുകളിൽ സർക്കാരിലുള്ളവരുമായി ബന്ധപ്പെട്ട് വീണ്ടും വിജിലൻസിനു അന്വേഷണം നടത്തേണ്ടി വന്നിട്ടില്ല. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് അഴിമതി കേസുകളിൽ തെളിവില്ലെന്ന് ചൂണ്ടിക്കാട്ടി വിജിലൻസ് സമർപ്പിച്ച റിപ്പോർട്ടുകൾ കോടതി തള്ളിക്കളയുകയോ തുടരന്വേഷണത്തിന് ഉത്തരവിടുകയോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേസുകളുടെ കാര്യത്തിൽ; | (സി) | വി.സി.06/2014/എസ്.ഐ.യു I,<br>വി.സി.02/2013/കെ.എൻ.ആർ.,<br>വി.സി.02/2012/സി.ആർ.ഇ,<br>വി.സി.10/2013/കെ.കെ.ഡി,<br>വി.സി.01/2013/എസ്.സി.കെ.,<br>വി.സി.05/2010/എസ്.ഐ.യുI എന്നീ കേസുകൾ തുടരന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ പിൻവലിക്കാൻ തീരുമാനിച്ച ഏതെങ്കിലും കേസ്, കോടതി നിരാകരിക്കുകയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | പാമോലിൻ ഇറക്കുമതി അഴിമതി സംബന്ധിച്ച വി.സി.01/2009/എസ്.സി.റ്റി. നമ്പർ വിജിലൻസ് കേസ് 13.09.2013 തീയതിയിലെ ജി.ഒ.(ആർ.റ്റി) 145/2013/വിജി. നമ്പർ ഉത്തരവു പ്രകാരം പിൻവലിക്കാൻ സർക്കാർ ഉത്തരവായെങ്കിലും തൃശ്ശൂർ വിജിലൻസ് കോടതി 10.01.2014 - ലെ ഉത്തരവു പ്രകാരം നിരാകരിച്ചു. |
| (ഇ) | ഏതെല്ലാം വിജിലൻസ് കേസുകളാണ് സർക്കാർ പിൻവലിക്കാൻ തീരുമാനിച്ചത്? | (ഇ) | ഈ സർക്കാർ പിൻവലിക്കാൻ തീരുമാനിച്ച വിജിലൻസ് കേസുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. വി.സി. 01/2004/കെ.റ്റി.എം. (സി.സി. 29/2009).

കോട്ടയം സഹകരണ അർബൻ ബാങ്ക് ഏറ്റുമാനൂർ ബ്രാഞ്ചിലെ മാനേജർ ശ്രീമതി. പി.വി. സരളകുമാരി, കാഷ്യർ ശ്രീ. മൻമഥൻ, ജൂനിയർ ക്ലാർക്ക് ശ്രീമതി. സോഫി ജോസഫ് എന്നിവർക്കെതിരെ 2002-2003 കാലയളവിൽ ആരോപിക്കപ്പെട്ട ധനദുർവിനിയോഗവുമായി ബന്ധപ്പെട്ട കേസ്. 06..03..2013 തീയതിയിലെ 3958/ബി2/2012/വിജി. എന്ന സർക്കാർ കത്തിൻറെ അടിസ്ഥാനത്തിൽ പ്രസ്തുത കേസ് പിൻവലിക്കാൻ സർക്കാർ നിർദ്ദേശം നൽകി. പിൻവലിക്കുന്നതിനുള്ള ഹർജി 25..10..2014-ൽ കോട്ടയം വിജിലൻസ് കോടതിയിൽ സമർപ്പിക്കുകയും കോടതി ഫയലിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. വി.സി. 11/2008/ എ.എൽ.പി.

ആലപ്പുഴ റ്റി.ഡി. മെഡിക്കൽ കോളേജിലെ ഒഫ്ത്താൽമോളജി വിഭാഗം മേധാവിയും പ്രൊഫസറുമായ ഡോക്ടർ മുഹമ്മദ് ഹനീഫ് 1000/- രൂപ കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട കേസ്. 28..12..2012 - ലെ ജി.ഒ.(എം.എസ്.) 61/2012/വിജി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പിൻവലിക്കാൻ ഉത്തരവായി. ഇതു പ്രകാരം കോടതിയിൽ നിന്നും നിർദ്ദേശങ്ങൾ ഒന്നും വന്നിട്ടില്ല.

3. വി.സി. 12/2003/ കെ.എൻ.ആർ.

കണ്ണൂർ ജില്ലയിലെ ആലക്കോട് പോലീസ് സ്റ്റേഷനിലെ ഹെഡ് കോൺസ്റ്റബിൾ ആയിരുന്ന ശ്രീ. എം. രാമൻ 2003 - ൽ 500/- രൂപ

കൈക്കൂലി ആവശ്യപ്പെട്ടതുമായ കേസ്. 18..05..2012- തീയതിയിലെ ജി.ഒ.(എം.എസ്) 17/2012/വിജി. എന്ന സർക്കാർ ഉത്തരവ് പ്രകാരം കേസ് പിൻവലിക്കുന്നതിനുള്ള ഉത്തരവ് ലഭിക്കുകയും 13..06..2012 -ൽ കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. കോടതി ഉത്തരവ് ലഭിച്ചിട്ടില്ല.

4. <u>വി.സി. 08/2006/ കെ.എൻ.ആർ.</u>

കണ്ണൂർ ജില്ലയിലെ കരിവള്ളൂർ ഖാദി സബ് സെൻററിലെ ഫസ്റ്റ് ഗ്രേഡ് അസിസ്റ്റൻറ് ശ്രീ. വി. വിജയനെതിരായി കരിവള്ളൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 1997 - 2004 കാലഘട്ടത്തിൽ 2,13,372/- രൂപ പിൻവലിച്ച് ദുർവിനിയോഗം ചെയ്ത കേസ്. 19..11..2013 തീയതിയിലെ ജി.ഒ.(എം.എസ്) 37/2013/വിജി. എന്ന ഉത്തരവ് പ്രകാരം കേസ് പിൻവലിക്കാൻ സർക്കാർ ഉത്തരവ് നൽകുകയും അതനുസരിച്ച് കോഴിക്കോട് കോടതിയിൽ 07..12..2013-ൽ കോടതിയിൽ അപേക്ഷ നൽകുകയും ചെയ്തു. കോടതി ഉത്തരവ് ലഭിച്ചിട്ടില്ല.

5. <u>വി.സി. 02/2005/ കെ.എൻ.ആർ. (സി.സി. 43/2008).</u>

ശ്രീ. പി.എസ്. സാബു, ശ്രീ. കെ. നാരായണൻകുട്ടി, ശ്രീ. കുര്യൻ എബ്രഹാം ബെന്നി തോമസ്, ശ്രീ.ജോജി വർഗ്ഗീസ്, ശ്രീ.ജോയ് മുണ്ടപ്പതിൽ എന്നിവർ പ്രതികളായ കേസ്. 06..08..2014 - തീയതിയിലെ ജി. ഒ. (എം.എസ്) 20/2014/വിജി. എന്ന സർക്കാർ ഉത്തരവ് പ്രകാരം കേസ് പിൻവലിക്കാൻ ഉത്തരവ് ആയിട്ടുണ്ട്. കോഴിക്കോട് കോടതിയിൽ 30..08..2014-ൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ഉത്തരവ് ലഭിച്ചിട്ടില്ല.

6. <u>വി.സി.02/2006/എസ്.സി.ഇ.</u>

വരവിൽകവിഞ്ഞ സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് ശ്രീ. ഗോപാലകൃഷ്ണ പിള്ള ഹെഡ് ക്ലാർക്ക്, സബ് രജിസ്ട്രാർ ഓഫീസ്, എറണാകുളം എന്ന വ്യക്തിക്കെതിരായ കേസ്. 22..09..2014 - ലെ

ജി.ഒ.(എം.എസ്) 31/2014/വിജി. എന്ന സർക്കാർ ഉത്തരവ് പ്രകാരം കേസ് പിൻവലിക്കാൻ ഉത്തരവ് ആയി. തൃശ്ശൂർ കോടതിയിൽ നിന്നും ഉത്തരവ് ലഭിച്ചിട്ടില്ല.

7. <u>വി.സി. 12/2003/ എസ്.ഐ.യു - I.</u>

കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഫോറസ്റ്റ് റെയ്ഞ്ചിന്റെ കീഴിലെ ചോഴിക്കോട് ശംഖിലി വനങ്ങളിൽ നിന്ന് 1998 - ൽ ഏകദേശം 1,79,800 രൂപയോളം വില വരുന്ന മണൽ കടത്തിയതുമായി ബന്ധപ്പെട്ടതാണ് ഈ കേസ്. 26..11..2014 - ലെ ജി.ഒ.(എം.എസ്) 37/2014/വിജി. നമ്പർ സർക്കാർ ഉത്തരവിലൂടെ കേസ് പിൻവലിക്കാൻ ബ്യൂറോയോട് നിർദ്ദേശിച്ച പ്രകാരം മേൽ നടപടികൾക്കായി കോടതിയിൽ സമർപ്പിച്ചു. കോടതി ഉത്തരവ് ലഭിച്ചിട്ടില്ല.

8. <u>വി.സി. 06/2004/ കെ.റ്റി.എം.</u>

കോട്ടയം വിജിലൻസ് കോടതിയിൽ വിചാരണയിലിരിക്കുന്ന സി.സി.45/2010 എന്ന കേസിൽ ശ്രീ.ബി.സോമനാഥൻ നായർ, മുൻ പ്രിൻസിപ്പാൾ, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം എന്ന വ്യക്തിയെ പ്രതി പട്ടികയിൽ നിന്നും ഒഴിവാക്കാൻ 31..01..2015 - ലെ ജി.ഒ.(എം.എസ്) 04/2015/വിജി. നമ്പർ സർക്കാർ ഉത്തരവ് നൽകുകയും തുടർനടപടികൾക്കായി കോട്ടയം ഉപനിയമോപദേഷ്ടാവിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

9. <u>വി.സി. 03/1997/കെ.എസ്.ഡി.</u>

ശ്രീ. സുന്ദർ സിംഗം മറ്റ് രണ്ട് പേരും 1997-ൽ (കൃഷി ഓഫീസർ, ഗൗളിമുഖ, കാസർകോഡ് ജില്ല) 75,000/- രൂപ ദുർവിനിയോഗം

ചെയ്തതായ ആരോപണത്തിൻമേൽ രജിസ്റ്റർ ചെയ്ത കേസ്. പ്രതിയെ കണ്ടെത്താൻ കഴിയാത്തതുകൊണ്ടും മറ്റ് പ്രതികളെ കുറ്റവിമുക്തരാക്കിയതിനാലും 18..01.2014 തീയതിയിലെ ജി.ഒ.(ആർ.റ്റി) 11/2014/വിജി. നമ്പർ സർക്കാർ ഉത്തരവു പ്രകാരം കേസ് പിൻവലിക്കാൻ ഉത്തരവ് ആകുകയും 17..04..2014-ൽ കോഴിക്കോട് കോടതി അത് അംഗീകരിക്കുകയും ചെയ്തു.

10. <u>വി.സി. 01/2001/എ.എൽ.പി.</u>

ശ്രീ. കെ.കെ. ശശിധരൻ, (മുൻ ഡയറക്ടർ സംസ്ഥാന ജലഗതാഗത വകുപ്പ്), ശ്രീ.കെ.ബാബു (എൻജിനീയർ), ശ്രീ.സി.എസ്.സുകുമാരപണിക്കർ (കോൺട്രാക്ടർ), ശ്രീ. ആർ. ചന്ദ്രശേഖരൻ നായർ (ഫിനാൻഷ്യൽ അസിസ്റ്റൻറ്) എന്നിവർ 1997-1998 കാലഘട്ടത്തിൽ 1,15,907/- രൂപ ജലഗതാഗത വകുപ്പിന് നഷ്ടമുണ്ടാക്കിയ ആരോപണത്തിൻമേലുള്ള കേസ് 30..03..2012 തീയതിയിലെ ജി.ഒ.(എം.എസ്) 13/2012/വിജി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പിൻവലിക്കാൻ ഉത്തരവാകുകയും 31..03..2014-ൽ കോട്ടയം കോടതി അംഗീകരിക്കുകയും ചെയ്തു.

11. <u>വി.സി. 06/2009/സി.ആർ.ഇ.</u>
12. <u>വി.സി. 07/2009/സി.ആർ.ഇ.</u>

ശ്രീ. ജി. മോഹൻദാസ് (മുൻ മാനേജിംഗ് ഡയറക്ടർ, എറണാകുളം വെയർഹൗസിംഗ് കോർപ്പറേഷൻ) 2005 - 2006 കാലയളവിൽ മാസ ശമ്പളാടിസ്ഥാനത്തിൽ നടത്തിയ അനധികൃത നിയമനങ്ങളുമായി ബന്ധപ്പെട്ട കേസ് 20.06.2012 -ലെ 31/2012/വിജി. എന്ന സർക്കാർ ഉത്തരവ് പ്രകാരം 25..09..2012-ൽ തൃശ്ശൂർ വിജിലൻസ് കോടതി പിൻവലിച്ചു.

മോഹൻ ദാസ്